<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3884** 19.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

# <u>കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിയമനം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

<table>
<tr><th colspan="2">ശ്രീ.എൻ.എ.നെല്ലിക്കുന്ന്</th><th colspan="2">പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)</th></tr>
<tr><td>എ)</td><td>കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തികയിലെ ഒഴിവിൽ നിയമനമില്ലാതായിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കാമോ;</td><td rowspan="4">എ)<br>ബി)<br>സി)<br>ഡി)<br>ഇ)<br>&<br>എഫ്)</td><td rowspan="4">03.10.1962 ലെ സ.ഉ(എം.എസ്) 506/1962/ പി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലെ നിയമനം കന്നട ഭാഷയിൽ പ്രാവീണ്യം ഉള്ളവർക്ക് മുൻഗണന നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തസ്തികയിൽ പൊതുവിഭാഗത്തിൽ നിന്നും നിയമനം നടത്തിയിരുന്നു. ഇപ്രകാരം ജനറൽ വിഭാഗത്തിൽ നിന്നും നിയമനം നൽകുന്നതിനെതിരെ കേരള സംസ്ഥാന കന്നട ഭാഷാ അധ്യാപക സംഘടന ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിലെ 08.12.2016 ലെ ഉത്തരവ് അനുസരിച്ച് ജനറൽ വിഭാഗത്തിൽ നിന്നും നിയമിച്ചിരുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിയമനം റദ്ദുചെയ്യേണ്ട സാഹചര്യം സംജാതമായി.<br>ഇതിനു പുറമേ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായ പ്രഥമ അധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലെ ജനറൽ വിഭാഗത്തിൽ കന്നട ഭാഷയിൽ പ്രാവണ്യം ഉള്ള ആരുംതന്നെ ഇല്ലാത്ത സാഹചര്യത്തിൽ ഔട്ട് ഓഫ് ടേൺ</td></tr>
<tr><td>ബി)</td><td>വിദ്യാഭ്യാസ ഓഫീസറുടെ നിയമനം നടത്താതെ ദീർഘിപ്പിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;</td></tr>
<tr><td>സി)</td><td>എസ്. എസ്.എൽ.സി.പരീക്ഷയടുത്തിട്ടും ഡി. ഇ. ഒ. നിയമനം നടത്താത്തതിനെത്തുടർന്ന് കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ പ്രവർത്തനങ്ങൾ താളം തെറ്റിയിരിക്കുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഭാഷാ ന്യൂനപക്ഷത്തിന്റെ അവകാശമാണോ കാസർഗോഡ് ഡി. ഇ. ഒ. തസ്തികയെന്നും വിശദമാക്കാമോ;</td></tr>
<tr><td>ഡി)</td><td>എങ്കിൽ ഡി. ഇ. ഒ. ആയി ഭാഷാ ന്യൂനപക്ഷത്തിൽ നിന്നുള്ളയാളെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്നും പ്രസ്തുത തസ്തികയെ പൊതു വിഭാഗത്തിൽപ്പെടുത്തി മുമ്പ് നിയമനം നടത്തിയിരുന്നോ എന്നും വ്യക്തമാക്കാമോ;</td></tr>
</table>

| | | | |
|---|---|---|---|
| ഇ) | എങ്കിൽ അന്നത്തെ വിദ്യാഭ്യാസ ഓഫീസറെ സ്ഥലം മാറ്റുവാനുള്ള കാരണമെന്തായിരുന്നു; ഭാഷാ ന്യൂനപക്ഷത്തിൽപ്പെടുന്ന വിദ്യാഭ്യാസ ഓഫീസറെ നിയമിക്കാത്തതുമൂലം ഡി. ഇ. ഒ. നിയമനം പ്രതീക്ഷിച്ചു കഴിയുന്ന അധ്യാപകരുടെ സ്ഥാനക്കയറ്റത്തിനുള്ള സാധ്യത നഷ്ടപ്പെടുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ; | | മുഖേന നിയമനം നടത്തുന്നതിന് പ്രഥമ അദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ തുടരുന്ന ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽ (കന്നട) യിൽ പ്രാവണ്യമുളളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്മേൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമമായി പ്രസിദ്ധീകരിക്കുവാൻ സത്വര നടപടി സ്വീകരിച്ച് വരികയാണ്. |
| എഫ്) | പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് നടക്കേണ്ട പരിശോധനകൾ കാര്യക്ഷമമാക്കുന്നതിൽ ഡി.ഇ.ഒ.തസ്തിക ഒഴിഞ്ഞു കിടക്കുന്നത് തടസ്സമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | മേൽ സാഹചര്യത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനം മുൻനിർത്തി ഇടക്കാല ക്രമീകരണമെന്ന നിലയിൽ കന്നട ഭാഷയിൽ പ്രാവീണ്യമുള്ള കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റിന് ഡി.ഇ.ഒ.യുടെ പൂർണ്ണ അധിക ചുമതല 17.01.2017 മുതൽ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**